1166

നിനക്കായെൻ ജീവനെ മരക്കുരിശിൽ വെടിഞ്ഞെൻ മകനേ!
ദിനവും ഇതിനെ മറന്നു ഭൂവി നീ വസിപ്പതെന്തു കൺമണിയേ?

1 വെടിഞ്ഞു ഞാനെന്റെ പരമമോദങ്ങളഖിലവും നിന്നെക്കരുതി-നിന്റെ
കഠിനപാപത്തെ ചുമന്നൊഴിപ്പതിന്നടിമവേഷം ഞാനെടുത്തു-

2 പരമതാതന്റെ തിരുമുമ്പാകെ നിൻ ദുരിതഭാരത്തെ ചുമന്നു-കൊണ്ടു
പരവശനായി തളർന്നെൻ വിയർപ്പു ചോരത്തുള്ളി പോലൊഴുകി-

3 പെരിയൊരു കുരിശെടുത്തു കൊണ്ടുഞാൻകയറി കാൽവറിമുകളിൽ-ഉടൻ
കരുത്തെഴുന്നവർ പിടിച്ചിഴച്ചെന്നെ കിടത്തി വൻകുരിശതിന്മേൽ-

4 വലിച്ചു കാൽകരം പഴുതിണയാക്കി പിടിച്ചിരുമ്പാണി ചെലുത്തി-ഒട്ടും
അലിവില്ലാതടിച്ചിറക്കിയേ രക്തം തെറിക്കുന്നെന്റെ കണ്മണിയേ!-

5 പരമദാഹവും വിവശതയും കൊണ്ടധികം തളർന്ന എന്റെ -നാവ്
വരണ്ടു വെള്ളത്തിന്നിരന്ന നേരത്തും തരുന്നതെന്തു നീയോർക്ക-

6 കരുണയില്ലാത്ത പടയാളിയൊരു പെരിയകുന്തമങ്ങെടുത്തു-കുത്തി
തുറന്നെൻ ചങ്കിനെയതിൽ നിന്നൊഴുകി ജലവും രക്തവുമുടനെ-

7 ഒരിക്കലും എന്റെ പരമസ്നേഹത്തെ മറക്കാമോ നിനക്കോർത്താൽ-നിന്മേൽ
കരളലിഞ്ഞു ഞാനിവ സകലവും സഹിച്ചെൻ ജീവനെ വെടിഞ്ഞു-

P.V.T.